DESPATCHED
On 13/10/21

7/10/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം 695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.665(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.6469/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 ഒക്ടോബർ 7**

| | |
|---|---|
| ശ്രീ. കെ.ആർ. അരവിന്ദാക്ഷൻ,<br>കുവ്വക്കാടൻ ഹൗസ്,<br>കെ.എസ്.ആർ.ടി.സി. റോഡ്,<br>ചാലക്കുടി - 680 301 | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ചാലക്കുടി മുനിസിപ്പൽ ഓഫീസ്,<br>ചാലക്കുടി, തൃശ്ശൂർ.<br>2. അപ്പീൽ അധികാരി & സെക്രട്ടറി,<br>ചാലക്കുടി മുനിസിപ്പൽ ഓഫീസ്,<br>ചാലക്കുടി, തൃശ്ശൂർ. | എതിർകക്ഷികൾ |

| | | |
|---|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 12/11/2020 | |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 07/12/2020 | |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 03/03/2021 | |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 27/03/2021 | |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 30/04/2021 | |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 24/06/2021 | |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 07/07/2021 | |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 10/08/2021 | |
| ഹിയറിംഗ് നടന്ന തീയതി | 07/10/2021 | വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ | ഹാജരായി | |
| എസ്.പി.ഐ.ഒ. | ഹാജരായി | |

## ഉത്തരവ്

ശ്രീ. കെ.ആർ. അരവിന്ദാക്ഷൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി മുമ്പാകെ 12.11.2020 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് മറുപടിയോ വിവരങ്ങളോ ലഭ്യമാക്കാതിരുന്നതിനാൽ 3.3.2021 തീയതി ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആയതത് 7 ദിവസത്തിനകം മറുപടി ലഭ്യമാക്കുവാൻ എസ്.പിഐ.ഒ.ക്ക് നിർദ്ദേശം നൽകി തീർപ്പാക്കിയെങ്കിലും ടി നിർദ്ദേശ പ്രകാരവും വിവരങ്ങളോ

മറുപടിയോ ഒന്നാം എതിർകക്ഷി ലഭ്യമാക്കിയിട്ടില്ലെന്നും ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷ പ്രകാരമുള്ള വിവരങ്ങളും രേഖാപകർപ്പുകളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, സി.റ്റി.പി. വിജിലൻസ് റിപ്പോർട്ട് നം. 32/16 തീയതി 27.1.2016, 159/17, 234/17 & 335/17 തീയതി 12.6.2017 പ്രകാരവും എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ സെക്രട്ടറിയുടെ 2.4.2016 തീയതിയിലെ 73/ആർ.ബി–2/16/ത.സ്വ.ഭ.വ 19.7.2017–ലെ 1037813/ആർ.ബി–2/16/ത.സ്വ.ഭ.വ നമ്പർ ഉത്തരവുകൾ എന്നിവ പ്രകാരവും ചാലക്കുടി നഗരസഭ അധികൃതർ എടുത്തതായ നടപടികൾ എന്തെന്നും, നടപടി എടുക്കുവാൻ നിയമതടസ്സങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ എന്താണെന്നും, ടി ഉത്തരവുകളിൽ നിയമനടപടികൾ ഉണ്ടായിട്ടുണ്ടെങ്കിൽ അനുബന്ധ രേഖകളും, വിവരങ്ങളും സാക്ഷ്യപ്പെടുത്തി നൽകണമെന്നും ശ്രീ. ബേസിൽ ജോർജ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള അനധികൃത നിർമ്മാണങ്ങൾ എന്തെല്ലാമെന്നും ടി കെട്ടിടത്തിന്റെ സെപ്റ്റിക് ടാങ്ക് സംബന്ധമായ പരാതിയിൽ എടുത്തതായ നടപടി വിഷയവുമായി ബന്ധപ്പെട്ട ഒറിജിനൽ ഫയലുകൾ പരിശോധിക്കുന്നതിനുള്ള സൗകര്യം അനുവദിക്കണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ ഹർജിക്കാരൻ 3.3.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 27.3.2021 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 7 ദിവസത്തിനകം മറുപടി ലഭ്യമാക്കുന്നതിന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ്.

4. രണ്ടാം എതിർകക്ഷി. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് സമയബന്ധിതമായി പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി നൽകിയിട്ടുള്ളതാണെന്നും അപ്പീൽ അപേക്ഷ ആയത് സമയപരിധിക്കുള്ളിൽ സമർപ്പിക്കാതിരുന്നതിനാൽ വിവരാവകാശ നിയമപ്രകാരം പരിഗണിക്കുന്നതിന് സാധിക്കില്ല എന്ന് അപേക്ഷകന് മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് യഥാസമയം മറുപടി നൽകിയിട്ടുള്ളതാണെന്നും ഫയൽ പരിശോധിക്കുന്നതിന് കക്ഷി ഓഫീസിൽ എത്തിയിട്ടില്ലാത്തതിനാൽ 3.3.2021–ൽ നൽകിയ അപ്പീൽ അപേക്ഷയ്ക്ക് മറുപടിയായി പകർപ്പുകൾ അയച്ചു കൊടുത്തിട്ടുള്ളതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ 12.11.2020–ന് നൽകിയ വിവരാവകാശ അപേക്ഷയക്ക് 7.12.2020 നും, 3.3.2021 ന് നൽകിയ ഒന്നാം അപ്പീൽ അപേക്ഷയ്ക്ക് 27.3.21 ലും എതിർകക്ഷികൾ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ രണ്ടാം എതിർകക്ഷി 7 ദിവസത്തിനകം ഹർജിക്കാരന് മറുപടി നൽകണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ടി നിർദ്ദേശത്തെ തുടർന്ന് യാതൊരു നടപടിയും ഒന്നാം എതിർകക്ഷി സ്വീകരിച്ചിട്ടില്ലാത്തതിനാലാണ് ഹർജിക്കാരന് കമ്മീഷനെ സമീപിക്കേണ്ടതായി വന്നിട്ടുള്ളത്. അപ്പീൽവാദി ആവശ്യപ്പെട്ട വിവരം നൽകണമെന്ന തീരുമാനത്തിൽ അപ്പീൽ അധികാരി എത്തി ചേരുകയാണെങ്കിൽ അത് ലഭ്യമാക്കുവാൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകുകയോ നേരിട്ട് തന്നെ വിവരം ലഭ്യമാക്കി അപ്പീൽ തീർപ്പാക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ വിവരം നൽകാൻ എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകുകയാണെങ്കിൽ ടി നിർദ്ദേശം എസ്.പി.ഐ.ഒ. നടപ്പിലാക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം കൂടി ഒന്നാം അപ്പീൽ അധികാരിക്കുണ്ട്. ഇക്കാര്യത്തിൽ 27.3.2021–ന് അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്ന് ഹർജിക്കാരന് പകർപ്പുകൾ അയച്ചു കൊടുത്തതായി കാണുന്നു. എന്നാൽ ആയത് ലഭിച്ചിട്ടില്ലെന്നതിനാൽ ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ടി രേഖകളുടെ പകർപ്പുകൾ രജിസ്റ്റേർഡ് തപാലിൽ ഒരിക്കൽ കൂടി സൗജന്യമായി ഹർജിക്കാരന് അയച്ചു കൊടുക്കണമെന്നും ആവശ്യമെങ്കിൽ രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് എല്ലാ സൗകര്യങ്ങളും ഹർജിക്കാരന് നൽകേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകുന്ന കാര്യത്തിലും, കമ്മീഷനിലേക്ക് റിപ്പോർട്ട് സമർപ്പിക്കുന്ന കാര്യത്തിലും വളരെ ലാഘവത്തോടെയുള്ള സമീപനമാണ് എതിർകക്ഷികൾ സ്വീകരിക്കുന്നത് എന്ന് കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യേണ്ടതാണെന്ന് എതിർകക്ഷികളോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ഒക്ടോബർ 7–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION
THIRUVANANTHAPURAM

us